| | | |
|---|---|---|
| 1 | വടകര | 2011 ജൂൺ |
| 2 | ഉപ്പാറ | 2011 ജൂലൈ |
| 3 | ഗാന്ധിനഗർ | 2012 ജനുവരി |
| 4 | പുനലൂർ | 2012 മാർച്ച് |
| 5 | പെരിന്തൽമണ്ണ | 2013 ഫെബ്രുവരി |
| 6 | കുറ്റിപ്പുങ്ങാട് | 2013 മേയ് |
| 7 | നെടുമങ്ങാട് | 2013 ഒക്ടോബർ |
| 8 | അങ്കമാലി | 2014 ഡിസംബർ |

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 പുതിയ മെഡിക്കൽ മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ചില്ലറ വില്പന കേന്ദ്രങ്ങളുടെ വിറ്റു വരുമാനം ഗണ്യമായി കുറഞ്ഞിട്ടില്ല.

(ഡി) സപ്ലൈകോയുടെ വിപണി വിഹിതം കണക്കാക്കിയിട്ടില്ല.

## സപ്ലൈകോ മെഡിക്കൽ സ്റ്റോർ

255 (1339) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ മെഡിക്കൽ സ്റ്റോർ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) നാട്ടിക നിയോജക മണ്ഡലത്തിൽ പുതിയതായി ഒരു സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) പൊതുജനങ്ങളുടെ ആവശ്യം, വിപണന സാദ്ധ്യത, ന്യായമായ വാടകയ്ക്ക് ആവശ്യത്തിനുള്ള വലിപ്പ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കാവുന്നതാണ്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സപ്ലൈകോ ഔട്ട്ലെറ്റുകൾ

256 (1340) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005-ലും 2015-ലും സപ്ലൈകോ ഔട്ടലെറ്റുകൾ എത്രയായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly